(സി) പൊറ്റൂർ പ്രദേശത്തെ ഇരുപത്തിയഞ്ചോളം യൂണിറ്റുകളെ യോജിപ്പിച്ച് ഒരു ക്ലസ്റ്റർ വിഭാവനം ചെയ്തിട്ടുണ്ട്. ഈ സ്ഥലത്ത് ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ച ശേഷം ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

**കുറ്റ്യാടി നാളികേര പാർക്ക്**

**200 (6651)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിന്റെ സ്ഥലമെടുപ്പ് നടപടികളിൽ പൂർത്തിയാക്കുവാൻ ബാക്കിയുള്ളത് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി എത്ര ഏക്കർ ഭൂമി ഏറ്റെടുത്തുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ കുറ്റ്യാടിയിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നാളികേര പാർക്കിനുള്ള സ്ഥലമെടുപ്പിൽ തണ്ടപ്പേർ നടപടികൾ മാത്രം പൂർത്തിയാക്കിയിട്ടില്ല.

(ബി) പ്രസ്തുത സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി 115 ഏക്കർ ഭൂമി ഏറ്റെടുക്കുകയും ഇതുവരെ 4.78 കോടി രൂപ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

**കൊട്ടാരക്കര താലൂക്കിൽ പെനനാനുമതിയുള്ള പാറമടകൾ**

**201 (6652)** ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്കിൽ പെനനാനുമതി ഉള്ള പാറമടകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പെർമിറ്റിനു വിരുദ്ധമായി പ്രവർത്തനം നടത്തിയ പാറമടകൾക്ക് എതിരെ മൈനിംഗ്&ജിയോളജി വകുപ്പ് എടുത്ത നടപടികൾ വിശദമാക്കുമോ ;

(സി) നടപടികളുടെ ഭാഗമായി എത്ര തുക പിഴശിക്ഷയായി ഈടാക്കിയിട്ടുണ്ട് ; ഏതെല്ലാം കമ്പനികൾക്കെതിരെ നടപടി എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര താലൂക്കിൽ പെനനാനുമതിയുള്ള 100 പാറമടകൾ ഉണ്ട്. പെർമിറ്റ് വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly